തുടങ്ങുവാൻ ഉദ്ദേശിച്ചതൊ ആയ തടിമില്ലുകൾക്കുള്ള 322 അപേക്ഷകൾക്ക് ബഹു. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് ഇപ്പോൾ എൻ.ഒ.സി നൽകുവാൻ കഴിയാത്തതിനാൽ മാറ്റിവച്ചിരിക്കുന്നു. 1-5-2009 മുതൽ 30-11-2009 വരെ ലഭിച്ച 2047 അപേക്ഷകളിൽ സ്ഥല പരിശോധന പൂർത്തിയാക്കി അവയുടെ വിവരങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവ സ്റ്റേറ്റ് ലെവൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. 1720 അപേക്ഷകളുടെ വിവരങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തുന്നതിനുള്ള നടപടി എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമ നടത്തിപ്പിന്റെ കാര്യത്തിനായുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ എൻ.ഒ.സി. നൽകുന്ന പ്രവൃത്തിയുടെ ഉത്തരവാദിത്വം അധികമായി ഏൽപ്പിച്ചതിനാൽ ആ ഓഫീസിൽ ലഭ്യമായ മൂന്ന് ക്ലാർക്കുമാരുടെ അധിക സേവനം ഉപയോഗിച്ചുകൊണ്ടാണ് എൻ.ഒ.സി.ക്കു വേണ്ടിയുള്ള അപേക്ഷകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ലഭിക്കുന്ന അപേക്ഷകളിലെ വിവരങ്ങൾ സ്ഥിരമായി സൂക്ഷിക്കുന്നതിന് ഡേറ്റാ ബാങ്ക് ഉണ്ടാക്കേണ്ടതുണ്ട്. കൂടാതെ ഓരോ അപേക്ഷകളിലേയും വിവരങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് ബഹു. സുപ്രീം കോടതി അധികാരപ്പെടുത്തിയ സെൻട്രൽ എംപവേർഡ് കമ്മിറ്റി നൽകിയിട്ടുള്ള മാർഗ്ഗരേഖകൾക്കനുസരിച്ചുള്ളതാണോ എന്ന് വിലയിരുത്തിയതിനുശേഷം മാത്രമേ എൻ.ഒ.സി.ക്കുള്ള അർഹത നിശ്ചയിക്കാൻ സാധിക്കുകയുള്ളു. അപേക്ഷകൾ ലഭിക്കുന്ന തീയതി അനുസരിച്ചുള്ള ക്രമനമ്പരുകളുടെ സീനിയോറിറ്റി പ്രകാരം മാത്രമേ അപേക്ഷകൾ പരിഗണിക്കാവൂ എന്ന് സെൻട്രൽ എംപവേർഡ് കമ്മിറ്റി നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ അപേക്ഷകളിലും മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും, യോഗ്യത തെളിയിക്കുന്നതിനുമുള്ള വ്യക്തമായ രേഖകൾ യഥാസമയം ഹാജരാക്കാത്ത അപേക്ഷകരിൽ നിന്നും ആയത് ലഭിക്കുന്നതിനും, അർഹതയുള്ള യൂണിറ്റുകൾ ഒറ്റത്തവണ ഫീസ് അടയ്ക്കുന്നതിനും എടുക്കുന്ന സമയദൈർഘ്യം മൂലമുണ്ടാകുന്ന അനിവാര്യമായ കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളു.

(ഡി) ജീവനക്കാരെ കൂടുതലായി ഈ ആവശ്യത്തിന് നിയമിക്കുന്നതിനും, കംപ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട ശുപാർശകൾ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) കാലതാമസം പരമാവധി കുറച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആക്രമണങ്ങളിൽ പരിക്കു പറ്റുന്ന വനപാലകർക്ക് നഷ്ടപരിഹാരം

133 (4486) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനപാലകരെ ആക്രമിക്കുന്നതും ഫോറസ്റ്റ് സ്റ്റേഷനുകൾ ആക്രമിക്കുന്നതുമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഭവങ്ങളിൽ എത്ര ജീവനക്കാർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ചന്ദന മോഷ്ടാക്കളും മറ്റ് വനം മാഫിയാകളും ആദിവാസികളെ ഉപയോഗിച്ച് വനപാലകരെ ആക്രമിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ഇ) ആക്രമണങ്ങളിൽ പരിക്കുപറ്റുന്ന വനപാലകർക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ പരിക്കിന്റെ സ്വഭാവം കണക്കാക്കി ധനസഹായം നൽകാൻ നപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വനപാലകരെ ആക്രമിച്ചതായ 22 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഒരു ചെക്ക് പോസ്റ്റ് ആക്രമണവും, ഒരു റെയിഞ്ച് ഓഫീസ് ആക്രമണവും, ഒരു ഡിവിഷൻ ഓഫീസ് ആക്രമണവും, ഒരു ഫോറസ്റ്റ് സ്റ്റേഷൻ ആക്രമണവും ഉണ്ടായിട്ടുണ്ട്.

(ബി) 40 ജീവനക്കാർക്ക് പരിക്ക് പറ്റുകയും 2 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വനപാലകരെ ആക്രമിച്ച സംഭവങ്ങളിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരുന്നുണ്ട്. ആദിവാസി മേഖലയിലെ വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തിയും ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും ആദിവാസികളെ വനത്തിന്റേയും വന സംരക്ഷണത്തിന്റേയും ഭാഗമാക്കി നിർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ ഫോറസ്റ്റ് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

134 (4487) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനുകീഴിൽ ദേലമ്പാടി പഞ്ചായത്തിൽ താമസിക്കുന്ന ഗ്രാമീണർക്ക് റിസർവ്വ് വനത്തിൽ കൂടിയുള്ള റോഡുകൾ റിപ്പയർ ചെയ്യാത്തതുമൂലം ഗതാഗതത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പഞ്ചായത്തിൽ ഇത്തരത്തിൽ എത്ര ഫോറസ്റ്റ് റോഡുകൾ ജനങ്ങൾ ഉപയോഗിച്ചുവരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly